I/91157/2023

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**

**ജില്ലാ നഗരാസൂത്രകൻ്റെ നടപടിക്രമം**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് -ജില്ലാ നഗരാസൂത്രകൻ്റെ കാര്യാലയം, കൊല്ലം- ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിൽ വാളകം വില്ലേജിൽ സർവ്വേ നമ്പർ 204/10/3 ൽ ഉൾപ്പെട്ട 5051.05m$^2$ സ്ഥലത്ത് 120m$^2$ വിസ്തൃതിയുള്ള സാമിൽ, 11.38m$^2$ വിസ്തൃതിയുള്ള ഓഫീസ്, 6.6m$^2$ വിസ്തൃതിയുള്ള ടോയ്‌ലറ്റ് എന്നിവ നിർമ്മിക്കുന്നതിന് വേണ്ടി ശ്രീമതി.നിത്യാ ലിസ അലക്സ്, പുത്തൻ വീട്, അണ്ടൂർ പി.ഒ, കൊട്ടാരക്കര- യ്ക്ക് ലേയൗട്ട്/ യൂസേജ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- ശ്രീമതി.നിത്യാ ലിസ അലക്സ്, പുത്തൻ വീട്, അണ്ടൂർ പി.ഒ, കൊട്ടാരക്കര സമർപ്പിച്ച 04-04-2023 ലെ അപേക്ഷ.

**ഉത്തരവ് നമ്പർ TCPKLM/156/2023/C തീയതി 13-04-2023**

ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിൽ വാളകം വില്ലേജിൽ സർവ്വേ നമ്പർ 204/10/3 ൽ ഉൾപ്പെട്ട 5051.05m2 സ്ഥലത്ത് 120m$^2$ വിസ്തൃതിയുള്ള സാമിൽ, 11.38m$^2$ വിസ്തൃതിയുള്ള ഓഫീസ്, 6.6m$^2$ വിസ്തൃതിയുള്ള ടോയ്‌ലറ്റ് എന്നിവ നിർമ്മിക്കുന്നതിന് വേണ്ടി ശ്രീമതി നിത്യ അലക്സ്, പുത്തൻ വീട്, അണ്ടൂർ, കൊട്ടാരക്കര സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൻ്റെ അടിസ്ഥാനത്തിൽ KPBR 2019 നും അനുബന്ധങ്ങൾക്കും താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേയൗട്ടിനും സ്ഥലത്തിൻ്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി/ ഒക്യുപെൻസി നൽകുവാൻ പാടുള്ളു.
2. KPBR 2019 ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിൻറെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലായെന്ന് സെക്രട്ടറി ഉറപ്പാക്കണം.
3. മറ്റു വകുപ്പുകൾ/ ഏജൻസികൾ എന്നിവയിൽ നിന്നും ആവശ്യമായ NOC കൾ ലഭ്യമാക്കേണ്ടതാണ്.
4. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായെന്നു ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
5. നിർദ്ദിഷ്ട ലേ-ഔട്ടിൽ, പരിസരവാസികൾക്ക് ദോഷമുണ്ടാകാത്ത വിധത്തിൽ, ഡ്രെയിനേജിനുള്ള (മഴവെള്ളം /മലിനജലം) സൗകര്യം നല്കിയിരിക്കണം.
6. നിർമ്മാണം കെ.പി.ബി.ആർ. 2019 ചട്ടം 79 ന് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനവും ആവശ്യമുള്ളപക്ഷം മലിനജല പുനരുപയോഗ സംവിധാനങ്ങളും

നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

7. നിർദ്ദിഷ്ട നിർമ്മാണം മൂലം സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിക്കുന്നില്ല എന്നും മണ്ണ് കഴിച്ചു മാറ്റുന്നത് 1.5 മീറ്ററിലധികം ആഴത്തിലാകുന്ന പക്ഷം ചട്ടം 10 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിചിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പുവരുത്തണം.

8. നിർമ്മാണം കെ.പി.ബി.ആർ. 2019 നും അനുബന്ധഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായ നിർമ്മാണ/ വികസന അനുമതി അതതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുംലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>9/2023 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.</u>

Signed by
Shary M V
TOWN PLANNER
Date: 13-04-2023 16:58:19

ഉള്ളടക്കം : പ്ലാൻ ഒരു സെറ്റ്

ശ്രീമതി.നിത്യാ ലിസ അലക്സ്,
പുത്തൻ വീട്, അണ്ടൂർ പി.ഒ,
കൊട്ടാരക്കര

പകർപ്പ്: സെക്രട്ടറി, ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്